പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4196

25.06.2014 ന് മറുപടിയ്ക്ക്

# പൊന്നാനിയിലെ എസ്സ്.സി. -ഐ.ടി.ഐ ൽ പുതിയ കോഴ്സുകൾ

**ചോദ്യം**

ശ്രീ . പി.ശ്രീരാമകൃഷ്ണൻ :

(എ) പൊന്നാനിയിൽ പ്രവർത്തിക്കുന്ന എസ്സ്.സി. -ഐ.ടി.ഐ യിൽ കഴിഞ്ഞ 40 വർഷത്തിലേറെയായി ഇലക്ട്രീഷ്യൻ ട്രേഡ് മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രദേശത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പുതിയ തൊഴിൽ മേഖലകൾ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സിവിൽ ആർക്കിടെക്ച്ചർ, ആട്ടോമൊബൈൽ തുടങ്ങിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ എന്തെങ്കിലും ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ

(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) എൻ.സി.വി.റ്റി. അഫിലിയേഷനോടുകൂടി പൊന്നാനി എസ്സ്.സി.ഡി.ഡി ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡിന്റെ രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നു (അഫിലിയേഷൻ തീയതി 31.01.2005)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.(വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ആറ് ഗവൺമെന്റ് ഐ.ടി.ഐ കൾ ഉണ്ട്. (മാറാഞ്ചേരി ഐ.ടി.ഐ, പുഴക്കാട്ടിരി ഐ.ടി.ഐ, ചെറിയമുണ്ടം ഐ.ടി.ഐ, താഴേക്കോട് (വനിത) ഐ.ടി.ഐ, നിലമ്പൂർ ഐ.ടി.ഐ, അരീക്കോട് ഐ.ടി.ഐ) • ടി ഗവൺമെന്റ് ഐ.ടി.ഐകളിൽ പട്ടികജാതി വിഭാഗത്തിലുള്ള പരിശീലനാർത്ഥികൾക്ക് 8% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.)

(സി) എസ്സ്.സി.ഡി.ഡി -ഐ.ടി.ഐ കളുടെ നടത്തിപ്പും ഭരണനിർവ്വഹണവും പട്ടികജാതി വികസന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ഈ വിഷയത്തിൽ തീരുമാനം എടുക്കേണ്ടത് ടി വകുപ്പാണ്

(ഡി) പൊന്നാനി എസ്സ്.സി.ഡി.ഡി -ഐ.ടി.ഐ യിൽ പുതിയ ട്രേഡുകൾ / അഡീഷണൽ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ശുപാർശ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ